**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1214** **07-12-2022 - ൽ മറുപടിയ്ക്ക്**

**പശുക്കളെ വാങ്ങുന്നതിനുള്ള സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പശുക്കളെ വാങ്ങുന്നതിന് സർക്കാർ ധനസഹായം അനുവദിക്കുന്ന വിവിധ പദ്ധതികളിൽ കേരളത്തിൽ നിന്നും പശുക്കളെ വാങ്ങുന്നതിന് സംവിധാനം ഉണ്ടോ; വിശദാംശം നൽകുമോ; | (എ) | **ക്ഷീരവികസന വകുപ്പ്**<br><br>ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലൂടെ പശുക്കളെ വാങ്ങുന്നതിന് സർക്കാർ ധനസഹായം അനുവദിക്കുന്നുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കിടാരിപാർക്കുകളിൽ നിന്നും, സർക്കാർ ഫാമുകളിൽ നിന്നും, വകുപ്പിന്റെ കീഴിൽ മുൻ വർഷങ്ങളിൽ ആരംഭിച്ചിട്ടുള്ള കിടാരി വളർത്തൽ യൂണിറ്റുകളിൽ നിന്നും, ഹെർഡ് ക്വാറൻന്റൈൻ സെന്ററുകളിൽ നിന്നും ടി പദ്ധതിയ്ക്കാവശ്യമായ ഉരുക്കളെ വാങ്ങാവുന്നതാണ്. |
| (ബി) | അയൽ സംസ്ഥാനങ്ങളിൽ നിന്നും പശുക്കളെ വാങ്ങേണ്ടി വരുമ്പോൾ രോഗങ്ങളില്ലാത്ത മെച്ചപ്പെട്ട പശുക്കളെ വാങ്ങുവാൻ സാധിക്കാതെ വരുന്നതിനാൽ സർക്കാർ ധനസഹായം നൽകുന്ന പദ്ധതികളിൽ കേരളത്തിൽ നിന്നു തന്നെ പശുക്കളെ വാങ്ങുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശം നൽകുമോ? | (ബി) | കേരളത്തിലെ ക്ഷീര കർഷകർക്ക് ആവശ്യമായ ഗുണമേന്മയുള്ള ഉരുക്കളെ സംസ്ഥാനത്ത് തന്നെ വളർത്തിയെടുക്കുന്നതിനായാണ് ക്ഷീര വികസന വകുപ്പ് മുഖേന കിടാരി പാർക്കുകൾ ആരംഭിച്ചത്.<br><br>സംസ്ഥാനത്ത് നിലവിൽ 6 കിടാരി പാർക്കുകൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ മേൽക്കടയ്ക്കാവൂർ ക്ഷീരസംഘം, പാലക്കാട് ജില്ലയിൽ കുമരനൂർ, മൂലത്തറ എന്നീ ക്ഷീരസംഘങ്ങളിലും, വയനാട് ജില്ലയിൽ പുൽപ്പള്ളി ക്ഷീരസംഘം, കണ്ണൂർ ജില്ലയിൽ പേരൂർ ക്ഷീരസംഘം, കാസർഗോഡ് ജില്ലയിൽ ചിത്താരി ക്ഷീരസംഘം എന്നിവിടങ്ങളിലാണ് കിടാരി പാർക്കുകൾ പ്രവർത്തിച്ചു വരുന്നത്. 2022-23 വർഷം 10 വ്യക്തിഗത കിടാരി പാർക്കുകളും, 8 ഹെർഡ് ക്വാറൻന്റൈൻ സെന്ററുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലൂടെ കന്നുകാലികളെ ഇത്തരം കിടാരിപാർക്കിലൂടെ കർഷകർക്ക് നേരിട്ട് |

| | | | |
|---|---|---|---|
| | | | വാങ്ങാവുന്നതാണ്. ഇതിലൂടെ അയൽ സംസ്ഥാനങ്ങളിൽ നിന്നും പശുക്കളെ വാങ്ങേണ്ടി വരുമ്പോൾ ഉണ്ടാവുന്ന ബുദ്ധിമുട്ടുകൾക്ക് ഒരു പരിധിവരെ പരിഹാരമാവുകയും ചെയ്യും. ആരോഗ്യമുള്ള ഉരുക്കളുടെ ലഭ്യത സംസ്ഥാനത്ത് ഉറപ്പാക്കുവാനും ഈ പദ്ധതികൾ സഹായകരമാണ് .<br><br>നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ പശുവിനെ സംസ്ഥാനത്തിനകത്തു നിന്ന് തന്നെയാണ് വാങ്ങുന്നത്. |

സെക്ഷൻ ഓഫീസർ